പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3775 11.12.2018-ലെ മറുപടിക്ക്

## വൈപ്പിൻ കരയിലെ ഇ-യാത്ര പദ്ധതി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏഷ്യൻ ഉപഭൂഖണ്ഡത്തിൽ തന്നെ ജനസാന്ദ്രതയേറിയ വൈപ്പിൻ കരയിൽ വാഹനാപകടമരണങ്ങൾ വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വൈപ്പിൻ കരയിൽ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ ജനസാന്ദ്രത വളരെ കൂടുതലും വാഹനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചിട്ടുള്ളതും, നിലവിലെ റോഡുകൾ അപര്യാപ്തവുമാണ്. കൊച്ചി സിറ്റിയിൽ നിന്നും ദ്വീപിലേക്ക് പാലം നിർമ്മിച്ചിട്ടുള്ളതിനാൽ സിറ്റിയിൽ നിന്നും വാഹനങ്ങൾ പ്രവേശിക്കുന്നതിന് നിലവിലുള്ള റോഡുകൾ പര്യാപ്തമല്ല. ദ്വീപുമായി ബന്ധപ്പെട്ട് ധാരാളം പാലങ്ങൾ പുതിയതായി വന്നതും ദ്വീപിലെ തിരക്ക് കൂട്ടുവാൻ കാരണമായി. |
| (ബി) | അപകടങ്ങൾ കുറയ്ക്കാനും , ഗതാഗത തടസ്സം ഒഴിവാക്കാനും വേണ്ടി സമർപ്പിച്ച ഇ-യാത്ര പദ്ധതിയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ; | (ബി) യും (സി) യും | ഇ-യാത്ര പദ്ധതി നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റി സെൽ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ ഡ്രെയിനേജിന്റെ മുകളിൽ രണ്ട് കി.മീ. നീളത്തിൽ നടപ്പാത നിർമ്മിക്കുന്നത് റോഡ് സുരക്ഷയുടെ ഭാഗമായി പ്രോത്സാഹിപ്പിക്കുന്നില്ല എന്നും (കാൽ നടക്കാരുടെ സുരക്ഷ മുൻനിർത്തി) ചെയ്നേജ് location വിശദാംശങ്ങൾ പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല എന്നും ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡ പ്രകാരം കൈവരികളിലും മറ്റും പരസ്യം പ്രദർശിപ്പിക്കുവാൻ അനുവദിക്കുന്നില്ല എന്നും റോഡ് സേഫ്റ്റി സെൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആയതിനാൽ മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ എറണാകുളം, പൊതുമരാമത്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇ-യാത്ര പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് നയപരമായ തടസ്സങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ കാലതാമസം കൂടാതെ അംഗീകാരം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ